# കൈറ്റ്സ് 2019

## കെ.വി.ആർ.ഹൈസ്കൂൾ ഷൊർണ്ണൂർ



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

ലിറ്റിൽ കൈറ്റ്സ്

സ്കൂൾ മാഗസിൻ



കെ.വി.രാമൻനായർ

(സ്ഥാപക മാനേജർ)

# ആചാര്യ ദേവോ ഭവഃ

ലിറ്റിൽ കൈറ്റ്സ്..

# ഉൾപ്പേജിൽ


| | | |
|---|---|---|
| 1. | സ്കൂൾ | 4 |
| 2. | ഭാഷ - കവിത | 5 |
| 3. | അച്ഛനും മകളും | 6 |
| 4. | പുസ്തകപ്പുഴ | 7 |
| 5. | കാറ്റ് പറഞ്ഞത് | 8 |
| 6. | ഞങ്ങളും ഹൈ ടെക് ആവുകയാണ്.. | 9 |
| 7. | കാളിദാസകൃതികളിലൂടെ.. | 10 |
| 8. | സ്കൂളിലെ ഓണം | 12 |
| 9. | അതിഥി | 13 |
| 10. | സ്പോർട്സ് | 14 |
| 11. | ചിത്ര ശലഭങ്ങളുടെ വീട് | 15 |
| 12. | ശലഭവീട് | 17 |
| 13. | വീട്ടിലെ ശലഭങ്ങള് | 18 |
| 14. | പ്രളയാനന്തം | 21 |
| 15. | മലയാളപ്പിറവി | 22 |
| 16. | അമ്മമാരും ഹൈടെക് | 24 |
| 17. | A CINQUAIN ON 'MY MOTHER' | 26 |
| 18. | WINDOWS | 27 |
| 19. | കാണാതായ മരം | 28 |
| 20. | ആര്യങ്കാവ് പൂരം | 29 |


ലിറ്റിൽ കൈറ്റ്സ്..



1931

## കെ.വി.ആർ.ഹൈസ്ക്കൂൾ

കെ.വി.ആർ. ഹൈസ്കൂൾ ഷൊർണ്ണൂർ 1931 ജൂൺ 10 നാണ് സ്ഥാപിതമായത്.ശരിക്കും അക്ഷര മുത്തശ്ശി തന്നെയാണ് ഞങ്ങളുടെ സ്കൂൾ.തലമുറകളിലൂടെ ഒരു സമൂഹത്തിനാകെ വെളിച്ചം പകർന്ന് അതിന്നും നിലകൊള്ളുന്നു. സ്ഥാപക മേനേജരായ കെ.വി.രാമൻ നായർ എന്ന ധിഷണാശാലിയുടെ ദീർഘ ദർശന ത്തിന്റെ ഉദാഹരണം കൂടിയാണ് സ്കൂൾ ഇന്ന്. നിരവധി പ്രതിഭകളെ സമൂഹത്തിനായി വാർ ത്തെടുക്കുന്നതിൽ സ്കൂളിനുള്ള പങ്ക് ചെറുതല്ല.

മികച്ച സൗകര്യങ്ങളോടെ ഷൊർണ്ണൂരിന്റെ ഹൃദയ ഭാഗത്ത് തലയെടുപ്പോടെ അത് നിലകൊള്ളുന്നു. ദി ഹൈസ്ക്കൂൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന കെ വി ആർ ഹൈസ്കൂൾ കെ വി മോഹൻദാസ് സാറിന്റെ നേതൃത്വത്തിൽ ഭദ്രമാണിന്ന്. ഷൊർണ്ണൂരിന്റെ സാമൂഹിക സാംസ്കാരിക മണ്ഡലത്തിൽ സക്രിയമായി തുടരുകയാണ് ഇന്നും.പഴയ തലമുറയുടേയും പുതു തലമുറയുടേയും സ്പന്ദനം അവിടെ കേൾ ക്കാം........

ലിറ്റിൽ കൈറ്റ്സ്..

# ഭാഷ

..............

മലയാളമാണെന്റെ ഭാഷ

മധുരം തുളുമ്പുന്ന ഭാഷ

ഇത്തിരി തേനും

വയമ്പുമായ്

നാവിന്റെ

തുമ്പത്തിരിക്കുന്ന ഭാഷ

കിളി പാടും ഭാഷ

പുഴ മൂളും ഭാഷ

മാമല ഭാഷ

മാമക ഭാഷ

മലയാള ഭാഷ

അമ്മതൻ ഭാഷ

## അച്ഛനും മകളും

സ്കൂൾ തുറന്ന ദിവസം...
കുട്ടികളെ ഓരോരുത്തരെയായി
പരിചയപ്പെടുത്തുകയായിരുന്നു മാഷ്.,
ഓരോ കുട്ടിയും പേരും അച്ഛന്റെ പേരും വീട്ടുപേരും പറഞ്ഞു.
രണ്ടാമത്തെ ബെഞ്ചിന്റെ അറ്റത്താണ് അവളുടെ സീറ്റ്.
മാഷ്ടെ മകളാണ്..സുമതി.
മകളുടെ സീറ്റിനരികെ എത്തിയപ്പോൾ അയാൾ ഒന്ന് പരുങ്ങി, പേര് ചോദിക്കണോ ?...
ചോദിക്കാതെ ഇരിക്കുന്നത് മോശമാണ്..,ഇവിടെ
മറ്റെല്ലാ കുട്ടികളെപ്പോലെ അപരിചിതയാണ് അവളും.
മകളുടെ മുഖത്ത് ചിരി പടർന്നു.
തെല്ലൊരഭിമാനവും നാണവും കലർന്ന ചിരിയോടെ ഉവളിരുന്നു.
ആ ചിരിയുടെ അർത്ഥം ഇതായിരുന്നു..
അച്ഛാ..എന്റെ പേരു പറയേണ്ടല്ലോ.....
എന്താ കുട്ടിയുടെ പേര്?
അയാൾ ചോദിക്കുക തന്നെ ചെയ്തു.
ആ മുഖത്ത് ചിരി വറ്റി.
എന്താ ഒരു വല്ലാത്ത ഭാവം...
പേരില്ലേ..?
ക്ലാസ്സിൽ ചിരിയുടെ മാലപ്പടക്കം....
ദേഷ്യം കൊണ്ട് ആ മുഖം ചുവന്നു തുടുത്തു.
സുമതി അയാളെ രൂക്ഷമായൊന്ന് നോക്കി.
.......അച്ഛനില്ലേ.?
കരയാൻ തുടങ്ങിയത് പെട്ടന്നായിരുന്നു.
ഇല്ല.. വിതുമ്പിക്കൊണ്ട് അവൾ പറഞ്ഞു.
മറ്റു കുട്ടികളുടെ മുഖത്ത് ചിരി പതുക്കെ സഹതാപമായി...
അയ്യോ സാറേ, പാവം...അച്ഛനില്ലാത്ത കുട്ടി.
അയാൾ ശരിക്കും തളർന്നു...
പിന്നെ അയാൾ ആരോടും പേരു ചോദിച്ചില്ല.

ലിറ്റിൽ കൈറ്റ്സ്..

# പുസ്തകപ്പുഴ

വർഷങ്ങൾക്കിപ്പുറം ഞാനന്റെ സ്കൂൾ ലൈബ്രറിയിലേക്ക് വരികയാണ്. വായനയുടെ ആദ്യ ചുവടുകൾ ഇവിടെ നിന്നായിരുന്നല്ലോ? മാറ്റങ്ങൾ എങ്ങും മാറ്റങ്ങൾ.ലൈബ്രറിയും ഒത്തിരി മാറി. നിറത്തിലും രൂപത്തിലും മാത്രമല്ല,അടിമുടി മാറ്റം.പണ്ടത്തെക്കാളും മനോഹരമായിരിക്കുന്നു.. ചുവരുകളിൽ മാനേജർ കെ.ആർ.മോഹൻദാസ് സാറിന്റെ ചിത്രങ്ങൾ..
5000 ത്തോളം പുസ്തകങ്ങൾ...വായനക്കപ്പുറം നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ടിവിടെ.ആഴ്ചതോറും പുസ്തക ചർ ച്ചകൾ..,കലാ സാഹിത്യ മേഖലയിലെ പ്രദർ ശനങ്ങൾ..അങ്ങിനെയങ്ങിനെ...കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന എന്തെല്ലാം .....

പണ്ടൊക്കെ ആഴ്ച്ചയിലൊരിക്കൽ പുസ്തകമെടുക്കാൻ വരുമായിരുന്നു.കഥകളുടെ ലോകം എത്ര വലുതാണ്.കുഞ്ഞു മനസ്സുകളിൽ ആകാശത്തോളം അതിരില്ലാത്ത ലോകം അതു തുറന്നിടുന്നു. ഒഴിവു സമയങ്ങളിലെ വായനക്കൂട്ടങ്ങളായിരുന്നു ഞങ്ങൾ.ഇന്ന് ലൈബ്രറി ഡിജിറ്റലൈസ്ചെയ്തു.പ്രൊജക്റ്ററും സ്പീക്കറുമുണ്ട്.ഒഴിവുവേളകളിൽ റേഡിയോ കേൾക്കാം..നിരവധി അനുസ്മരണങ്ങൾ. അതിഥികൾ..അങ്ങിനെയങ്ങിനെ... ഞങ്ങളുടെ ലൈബ്രറി കൂടുതൽ സുന്ദരിയായിരിക്കുന്നു...

ലിറ്റിൽ കൈറ്റ്സ്..

## കാറ്റ് പറഞ്ഞത്

......

മാനഭംഗപ്പെട്ടവളുടെ
ചേല പോലെ
മുറിവേറ്റ് കിടപ്പുണ്ട്
കാട്..!!
ഒരു നിലവിളി
ഉരുൾപൊട്ടി
മനസ്സ് വിങ്ങി നീറി
കുതറിയോടാൻ
ശ്രമിച്ച കുറ്റത്തിന്
വിചാരണ  കാത്ത്
കിടക്കയാണ്...
പറഞ്ഞാൽ
തീരില്ലെന്നറിയാം..
കാടേ മാപ്പ് !!
പൊക്കിൾകൊടിയറ്റ കുട്ടി
മണ്ണ തിരയുന്ന
മണ്ണെടുത്തതും
മണ്ണിൽ തിരയുന്നതും
നിന്റേയും
സ്വപ്നങ്ങളല്ലോ..

ലിറ്റിൽ കൈറ്റ്സ്..




# ഞങ്ങളും ഹൈ-ടെക് ആവുകയാണ്..

2019 ലാണ് ഞങ്ങളുടെ സ്കൂളിൽ ലിറ്റിൽകൈറ്റ്സ് യൂണിറ്റ്ആരംഭിച്ചത്.24 വിദ്യാർത്ഥികളാണ് അംഗങ്ങളായി തെരഞ്ഞെടുപ്പെട്ടത്.ആഴ്ച്തോറും ബുധനാഴ്ച്ചകളിൽ ക്ലാസ്സുകൾ നടക്കുന്നു. ആനിമേഷനും, സ്ക്രാച്ചും,മലയളംടൈപ്പിംഗും, വിദഗ്ധക്ലാസ്സുകളുമൊക്കെയായി ഞങ്ങളുംമുന്നോട്ട്. സബ്ജില്ലാക്യാപുകളിലേക്ക് 6 പേരെ തെരഞ്ഞെടുത്തു. സബ്ജില്ലാ ഐ.ടി.മേളയിൽ ഹൈസ്ക്കൂൾ വിഭാഗം മലയാളം ടൈപ്പിംഗ് - രൂപകല്പനയിൽ ഒന്നാമതായി ഞങ്ങളുടെ സ്ക്കൂളിലെആതിര.എം.പി യെ ജില്ലാതലത്തിലേക്ക് തെരഞ്ഞടുത്തു. സംസ്ഥാന തലത്തിലേക്കും ആതിരക്ക് സെലക്ഷൻ കിട്ടിയതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് യൂട്യൂബ് ചാനലുണ്ട്.അതിലൂടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ വീഡിയോ നിർമ്മിക്കുന്നു. വിക്ടർ ചാനലിലേക്കും അനുബന്ധ വീഡിയോകൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

അമ്മമാരും ഹൈടെക്ക്,വീഡിയോകോൺഫറൻസിംഗ്,ഡോക്യുമെന്റേഷൻ എന്നിങ്ങനെ ലിറ്റിൽ കൈറ്റ്സ് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ വലുതാണ്.സ്കൂൾപ്രവർത്തനങ്ങളുടെ പ്രചരണത്തിനായി ബ്ലോഗും ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനുണ്ട്. ഐ.ടി.ലാബ് , ക്ലാസ് റൂം - പ്രവർത്തനങ്ങളിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സജീവമായി സഹകരിക്കുന്നു.21 ക്ലാസ് മുറികളും ഹൈ-ടെക് ആയി.പഠനരീതികളുംമാറി കൂടുതൽ രസകരമായി. അങ്ങിനെ ഞങ്ങളും ഹൈ-ടെക് ആവുകയാണ്..

ലിറ്റിൽ കൈറ്റ്സ്..




## കാളിദാസ കൃതികളിലൂടെ...


ലൈബ്രറി ക്ലബിന്റെ ഈ വർഷത്തെ പുതുമകളിലൊന്നായിരുന്നു, "അതിഥി". ഉദ്ഘാടകനായി എത്തിയത് കേരളകലാമണ്ഡലം വൈസ് ചാൻസിലർ ടി.കെ.നാരായണൻ സാർ ആയിരുന്നു..അന്നാണ് അദ്ദേഹത്തെ ഞങ്ങൾ ആദ്യമായി കാണുന്നത്. ഏകദേശം നൂറോളം കുട്ടികൾ. അക്കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു.ആദ്യമായാണ് ഇത്ര നിശബ്ദമായി ഒരു പ്രസംഗം കേട്ടിരിക്കുന്നത്.പത്താംക്ലാസ്സിൽ പഠിക്കാനുള്ളതുകൊണ്ട് കാളിദാസകൃതികളെ അടുത്തറിയുകയാണ് ലക്ഷ്യം.സരസമായ ക്ലാസ്...ഭാഷ...,

ലിറ്റിൽ കൈറ്റ്സ്..

ഇന്ത്യൻ സാഹിത്യത്തിൽ കാളിദാസനുള്ള സ്ഥാനം..അദ്ദേഹത്തിന്റെ ഒരോ കൃതികളേ ക്കുറിച്ചും ലളിതമായി അവതരിപ്പിച്ചു.കാളിദാ സനെപറ്റി ചില ചോദ്യങ്ങളിൽ നിന്നായിരുന്നു തുടക്കം.ഞങ്ങൾ മുമ്പ് ക്ലാസിൽ കേട്ടതും വായിച്ചറിഞ്ഞതുമായ ഉത്തരങ്ങൾ അദ്ദേഹത്തിനു ഇഷ്ടമായി.എന്തുകൊണ്ടാണ് കാളിദാസനെ ഇന്ത്യൻ ഷേക്സ്പിയർഎന്നു വിളിക്കുന്നത് എന്ന സദസ്സിന്റെ ചോദ്യം പോലും രസകരമായി. ഞങ്ങളുടെ സംശയങ്ങൾ എല്ലാം തീർത്തു തന്നിട്ടേ തിരക്കിനിടയിലും അദ്ദേഹം മടങ്ങിയുള്ളൂ.....

ആ നിമിഷത്തിൽ ഞാൻ മനസ്സിലോർത്തു..,

**അതിഥി ദേവോ ഭവഃ**



# സ്കൂളിലെ ഓണം







ലിറ്റിൽ കൈറ്റ്സ്..

# അതിഥി

## കലാമണ്ഡലം വൈസ് ചാൻസിലർ

**വിഷയം.കാളിദാസ കൃതികളീലൂടെ..**












ലിറ്റിൽ കൈറ്റ്സ്..

# സ്പോർട്സ്...





KVR HIGH SCHOOL
SHORNUR
ANNUAL SPORTS
MEET
2019-9-23 10:16




2019-9-23 10:27




# ചിത്രശലഭങ്ങളുടെ വീട്

ഒരു പുൽനാമ്പിൽ തുളുമ്പി നിൽക്കുന്ന മഞ്ഞിൻ തുള്ളിയിൽ സൂര്യകിരണം പതിച്ചു. നേരം പുലർന്നു. തെക്കേ വീട്ടിലെ പൂവൻ കോഴി കൂവിത്തുടങ്ങി. അതുകേട്ടാണ് അന്ന് ആ കുഞ്ഞു ശലഭം ഉണർന്നത്. തന്റെ ചുറ്റിലും തേൻ തേടി പാറിനടക്കുന്ന തേനീച്ച കൂട്ടത്തെ അവൻ കണ്ടു. അവർ തന്നോട് എന്തോ പറയുന്നതായി അവനു തോന്നി. ശലഭം എഴുന്നേറ്റ് അപ്പുവിന്റെ വീട്ടിലേക്ക് പറന്നു. അപ്പോഴേക്കും അപ്പു സ്കൂളിലേക്ക് പോവാനായി തയ്യാറായിരുന്നു. ശലഭത്തെ കണ്ടപ്പോൾ അപ്പുവിന് തലേന്ന് മുത്തശ്ശി പറഞ്ഞു തന്ന കാര്യം ഓർമ്മവന്നു. ശലഭങ്ങൾക്ക് മാലാഖയുടെ ചിറകാണെന്നും ശലഭങ്ങൾ പറന്നു നടക്കുന്നത് തേൻ നുകരാൻ മാത്രമല്ല അവർ ഓരോ മനുഷ്യർക്കും ആസ്വദിക്കാനാണെന്നും. ശലഭം അപ്പുവിന്റെ വീട്ടിലെ തെച്ചിപ്പൂവിൽ വന്നിരുന്നു. ഓരോ പൂവിലേയും മധുരമേറിയ തേൻ കുഞ്ഞുശലഭം ആസ്വദിച്ച് നുകരുന്നത് അപ്പു അതിശയത്തോടെ നോക്കി നിന്നു. അപ്പോഴേക്കും അവന്റെ സ്കൂൾ ബസ്സ് വന്നു. അവൻ അതിൽ കയറി സീറ്റിൽ ഇരുന്നു. അപ്പോഴും അവന്റെ ശ്രദ്ധ ശലഭത്തിലേക്കായിരുന്നു. അവനും ശലഭത്തെപ്പോലെ പാറിനടക്കാൻ ആഗ്രഹം തോന്നി ഇക്കാര്യം അമ്മയോട് പറഞ്ഞപ്പോൾ അപ്പുവിന് അമ്മയുടെ ശകാരം കേൾക്കേണ്ടി വന്നു. പക്ഷേ അവന് അതിൽ നിന്നും പിന്മാറാൻ കഴിഞ്ഞില്ല. പിറ്റേദിവസവും ശലഭം തെച്ചിപ്പൂവിൽ വന്നിരുന്നു. അപ്പു ഓടിവന്ന് ശലഭത്തെ പിടിക്കാൻ നോക്കി പക്ഷേ സാധിച്ചില്ല. രണ്ട്മൂന്ന് പ്രാവശ്യം ശ്രമിച്ചെങ്കിലും ശലഭം മുകളിലേക്കുയർന്ന് പറന്നു. അപ്പുവിന്റെ മുഖം നിരാശക്കൊണ്ട് നിറഞ്ഞു. ഇതെല്ലാം അവന്റെ മുത്തശ്ശി കാണുന്നുണ്ടായിരുന്നു.

അപ്പുവിനെ സഹായിക്കാൻ മുത്തശ്ശിക്ക് തോന്നി. അതിനായി മുത്തശ്ശി ഒരു ചെടി വീട്ടിൽ വളർത്താൻ തുടങ്ങി. ശലഭ ചെടി. ഈ ചെടിയിൽ ശലഭങ്ങൾ കൂട്ടത്തോടെ വന്നിരിക്കുമെന്ന് മുത്തശ്ശി കേട്ടിട്ടുണ്ട്. അവ വന്നിരിക്കുമ്പോൾ അപ്പുവിന് ഒന്നിനെ പിടിക്കാമല്ലോ എന്ന് മുത്തശ്ശി ആലോചിച്ചു. അങ്ങനെ ഓരോ ദിവസം തോറും മുത്തശ്ശി ആ ചെടി വെള്ളം ഒഴിച്ച് പരിപാലിച്ചു. രണ്ട് മൂന്ന് മാസങ്ങൾ കഴിഞ്ഞുപ്പോയി. ഒരു ശനിയാഴ്ച ദിവസമെത്തി. മുറിയിലെ ഓടിന്റെ പൊട്ടിയ വിടവിലൂടെ സൂര്യപ്രകാശം പരന്നു. പ്രകാശത്തിൽ

പാറിനടക്കുന്ന പൊടിപടലങ്ങളുടെ കൂടെ ഒരു ശലഭവും.അപ്പു കണ്ണുതുറന്ന് എഴുന്നേറ്റ്

ഇരുന്നു. മുറിയിൽ രണ്ട് മൂന്ന് പൂമ്പാറ്റകൾ പാറിനടന്നു. മുത്തശ്ശി അവനെയും വിളിച്ച് മുറ്റത്തേക്കോടി. മുറ്റം മുഴ ുവൻ ശലഭങ്ങളാൽ അലങ്കരിക്കപ്പെട്ടിരുന്നു. അപ്പുവിന്റെ മുഖം നിലാവുപ്പോലെ പ്രകാശപൂരിതമായി. അവൻ തന്റെ മുത്തശ്ശിയെ കെട്ടിപ്പിടിച്ചു. മുത്തശ്ശിയുടെ കൈപിടിച്ച് ആ ചെടിയുടെ അടുത്തേക്ക് നടന്നു. അവൻ മുത്തശ്ശിയോട് പറഞ്ഞു ഇനി ഇതാണെന്റെ ചിത്രശലഭങ്ങളുടെ വീട്. മുത്തശ്ശിയു ടെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു. നാളു കൾ കഴിഞ്ഞുപ്പോയി ഒരു ദിവസം അപ്പുവിന്റെ അച്ഛന് ശലഭങ്ങൾ ശല്യമായി തോന്നി. എവിടെ നോക്കിയാലും ശലഭങ്ങൾ. ഒന്ന് സ്വസ്ഥമായി ഇര ുന്നാൽ അകത്ത് മുഴുവൻ അവയെക്കൊണ്ട് നിറഞ്ഞിരിക്കും. അതിനാൽ ആ ചെടി വെട്ടി കളയാൻ അച്ഛൻ തീരുമാനിച്ചു. പക്ഷേ അപ്പു അതിന് സമ്മതിക്കില്ല എന്ന് അച്ഛന് അറിയാമായിരുന്നു. അതിനാൽ അപ്പു സ്ക്കൂ ളിൽ പ്പോയാൽ വെട്ടാമെന്ന് അച്ഛൻ ആലോചിച്ചു. ഒരു ദിവസം അപ്പു സ്ക്കുളിൽപ്പോയി തിരിച്ചു വന്നപ്പോൾ തന്റെ പ്രിയപ്പെട്ട ശലഭങ്ങളെ കണ്ടില്ല. അവൻ എല്ലായിടവും തപ്പി നടന്നു. പക്ഷേ ഒരു ശലഭത്തെപ്പോലും അവന് കാണാൻ സാധിച്ചില്ല. അവന്റെ മനസ്സാകെ തകർന്നു. മുത്തശ്ശി അവനോട് പറഞ്ഞു സാരമില്ല അപ്പു എന്ന്. പക്ഷേ അവനത് സഹിക്കാനായില്ല. രാത്രി അച്ഛൻ വന്നപ്പോൾ അവൻ ചോദിച്ചു അച്ഛനെന്തിനാണ് ഇങ്ങനെ ചെയ്തത് എന്ന്. പക്ഷേ അച്ഛൻ മറു പടിയൊന്നും പറഞ്ഞില്ല. അവൻ സങ്കടത്തോടെ ഉറങ്ങാൻ കിടന്നു. പിറ്റേദിവസം സൂര്യനുദിച്ചു. അമ്മമുറിയിലെത്തി അപ്പുവിനെ വിളിച്ചു. പക്ഷേ അപ്പു അന്ന് ഉണർന്നില്ല.

ആ വീട്ടിൽ അപ്പുവിന്റെയും ശലഭങ്ങളുടെയും സാന്നിധ്യം പിന്നെ കാണപ്പെട്ടില്ല.

സ്നേഹ വി ശ്രീകുമാർ

8 സി

# ശലഭ വീട്

സജിയും ജിജിയും സഹോദരങ്ങളാണ്.അവരുടെ സ്കൂളിലെ ഒരു പൂവിൽ ഇരിക്കുന്ന പൂമ്പാറ്റയെ സജി കാണുന്നു. കറുപ്പിൽ വെള്ള പുള്ളികളുള്ള ഒരു കുഞ്ഞു പൂമ്പാറ്റ. അവ പൂക്കളിൽ നിന്ന് പൂക്കളിലേക്ക് പാറിനടക്കുന്നു. സജി ആ പൂമ്പാറ്റകളെ ജിജിക്ക് കാണിച്ചുകൊടുത്തു. അവർ ആ പൂമ്പാറ്റയുടെ പിന്നാലെ ഓടിനടക്കുന്നു. ബെല്ലടിച്ചപ്പോൾ അവർ രണ്ടുപേരും വീട്ടിലേക്കു പോയി. സജിയും ജിജിയും കാര്യമായി എന്തോ ആലോചിക്കുന്നതു കണ്ട അമ്മ കാര്യമെന്താണെന്നു തിരക്കി. അവർ ആ പൂമ്പാറ്റയെക്കുറിച്ച് പറയുന്നു. അങ്ങനെ കുറേ പ ൂമ്പാറ്റകളുണ്ടെങ്കിൽ അവ പറന്നു കഴിക്കുന്നത് കാണാൻ എന്തു രസമാവും, അല്ലേ അമ്മേ. നിങ്ങൾ സ്കൂളിൽ പൂമ്പാറ്റകളെ ആകർഷിക്കാൻ ഉള്ള കുറച്ച് ചെടികൾ നടു. അവർ പിറ്റേ ദിവസം വളരെ ഉത്സാഹത്തോടെ സ്കൂളിലേക്ക് നടക്കുന്ന ു. ചെന്ന വഴി പ്രകൃതിസ്നേഹിയായ സായ് മാഷോട് അവർ കാര്യം പറയുന്നു. വാഴക്ക് തടം എടുക്കുകയായിരുന്നു മാഷ്. നിങ്ങൾ ഇന്ന് പോയി ചെടികളെല്ലാം കൊണ്ടുവരൂ. നമുക്ക് ഇന്ന് തന്നെ ഒരുക്കങ്ങൾ തുടങ്ങാം. ചിത്രശലഭങ്ങളെ ആകർഷിക്കാനുള്ള ചെടികളുമായി അവർ പിറ്റേന്ന് വരുന്നു. അവർ ആ ചെടികളെല്ലാം കുഴിച്ചിടുന്നു. വൈകാതെ അവിടെ വലിയൊരു ശലഭോദ്യാനം ഉണ്ടാകുന്നു. നിറയെ പൂമ്പാറ്റകളെ കൊണ്ട് അവിടം നിറയുന്നു. ആ സ്കൂളിലെ കുട്ടികളെല്ലാം പൂമ്പാറ്റയുടെ കൂടെ ഓടി നടക്കുന്നു. ഒന്നിലെ ഒരു കുട്ടി ജിജിയോട് ചോദിക്കുന്നു. നമുക്കൊക്കെ വീടില്ലേ ഈ പൂമ്പാറ്റകൾക്കും വീടുണ്ടാവോ? പൂമ്പാറ്റകൾ വന്ന് നിറഞ്ഞിരിക്കുന്ന ഒരു ചെടിയെ കാണിച്ചുകൊണ്ട് ജിജി പറയുന്നു, ഇത് തന്നെയാണ് "പൂമ്പാറ്റകളുടെ വീട്" അവ പാറിനടക്കുന്നതു കണ്ട സജിയുടെയും ജിജിയുടേയും സായ് സാറിന്റെയും മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു.ആ പൂമ്പാറ്റകൾ പൂക്കളിൽ നിന്ന് പൂക്കളിലേക്ക് പാറി തേൻ നുകർന്ന്പാറി നടക്കുന്നു.

ആര്യ വി ശങ്കർ
VIII-D

## വീട്ടിലെ ശലഭങ്ങൾ

ദൂരെ ദൂരെ ഒരു മലയുടെ താഴ്‌വാരത്ത് ഒരു ഗ്രാമം ഉണ്ടായിരുന്നു. പശ്ചിമേശ്വരം എന്നായിരുന്നു ആ ഗ്രാമത്തിന്റെ പേര്. പശ്ചിമഘട്ടമലനിരകൾക്ക് താഴ്‌വാരത്തായതിനാലാണ് ആ പേര് വന്നത് എന്ന് അവിടെയുണ്ടായിരുന്നു. പൂർവ്വികന്മാർ പറയുന്നു. പശ്ചിമഘട്ടമലനിരകൾക്ക് താഴെ ആയിരുന്നതിനാൽ തന്നെ വ്യത്യസ്തങ്ങളായ നിരവധി ജീവജാലങ്ങളെ കാണാൻ സാധിക്കുമായിരുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവയായിരുന്നു ചിത്രശലഭങ്ങൾ. വിവിധ തരത്തിലും നിറത്തിലും ഘടനയിലുമുള്ള അനേകങ്ങളായട ചിത്രശലഭങ്ങൾ അവിടെ ഉണ്ടായിരുന്നു. ആ ഗ്രാമം ചിത്രശലഭങ്ങളെ കൊണ്ട് നിറഞ്ഞിരുന്നു. ഏതു സമയവും പൂമ്പാറ്റകൾ പാറിനടക്കട്ടുന്നത് കാണാൻ കഴിയുമായിരുന്നു. നിറയെ പൂക്കൾ വളർത്തുന്നവരായിരുന്നു ഗ്രാമവാസികൾ പൂക്കളേയും പ്രകൃതിയേയും സ്നേഹിക്കുന്നവരായിരുന്നു അവർ. ആയതിനാൽ തന്നെ വളറെ മനോഹരമായ ഒരു ഗ്രാമം ആയിരുന്നു അത്. ഈ ഗ്രാമത്തിൽ ജീവിച്ചിരുന്ന ഒരു സാധാരണ കുടുംബം ആയിരുന്ന ദേവന്റെത്. ദേവനും ഭാര്യയും രണ്ടു കുട്ടികളും അടങ്ങുന്ന ഒരു കൊച്ചു കുടുംബം ആയിരുന്നു അത്. ഭാര്യ സുമതിക്ക് ചെറിയ ചെറിയ കരകൗശല പരുപാടികൾ ഒക്കെ ഉണ്ടാക്കുമായിരുന്നു.ചണ നൂല് പോലുള്ള വസ്തുക്കൾ കൊണ്ട് അലങ്കാര വസ്തുക്കൾ നിർമ്മിക്കാൻ സുമതിക്ക് കഴിയുമായിരുന്നു. അവരുടേത്

ഇരട്ടക്കുഞ്ഞുങ്ങളായിരുന്നു. നീതുവും ഗീതുവും. രണ്ടുപേരും നല്ല സുന്ദരികളായിരുന്നു. ഇരുവരും അച്ഛനെയും അമ്മയേയും അനുസരിച്ച് ജീവിക്കുന്ന നല്ല കുട്ടികളായിരുന്നു. കുടുംബത്തിലുള്ളവർ എല്ലാം പ്രകൃതി സ്നേഹികളായിരുന്നു. വീടിനു ചുറ്റും അവർ ഭംഗിയായി പൂക്കൾ കൊണ്ടുള്ള പൂന്തോട്ടം ഉണ്ടായിരുന്നു. അവർക്ക് കഴിയുന്ന തരത്തിലെല്ലാം അവർ പൂക്കളെ വീടിനുള്ളിനും പുറത്തും വളർത്തി അതിനാൽ തന്നെ ചിത്രശലഭങ്ങളും സുലഭമായി കാണാൻ കഴിഞ്ഞിരുന്നു. രാത്രിയിൽ വീട്ടിൽ കരന്റ് പോയാൽ പോലും അവരുടെ വീട്ടിൽ വെളിച്ചമുണ്ടായിരുന്നു. കാരണം രാത്രിയിൽ ചിറകിൻ പ്രകാശം വരുന്ന ഒരു പ്രത്യേകതരം ചിത്രശലഭം അവരുടെ വീട്ടിൽ ഉണ്ടായിരുന്നു. ഈ കാരണങ്ങൾ കൊണ്ടെല്ലാം തന്നെ ആ ഗ്രാമത്തിലുള്ളവർ അവരുടെ വീടിനെ "ചിത്രശലഭങ്ങളുടെ വീട്" എന്ന് വിളിച്ചിരുന്നു. വളരെ സന്തോഷകരമായ ഈ കുടുംബത്തിലേക്ക് അന്ന് ഒരു വൈകുന്നേരത്തോടെയാണ് പ്രശ്നങ്ങളുടെ ദേവത വന്ന് അനുഗ്രഹിച്ചു പോയത്. അന്ന് ഒരു വൈകുന്നേരം ആയിരുന്നു. നീതുവും ഗീതുവും സ്കൂളിൽ പോയി വന്ന് പൂക്കൾക്കെല്ലാം വെള്ളം നനയ്ക്കുകയായിരുന്നു. അപ്പോൾ പെട്ടെന്ന് നീതു ഒന്ന് തലകറങ്ങി വീണു. ഗീതു അലറിവിളിച്ചു കൊണ്ട് നീതുവിനെ ചെന്നു പിടിച്ചു കാര്യമെന്തെന്ന് അറിയാതെ അവർ കരഞ്ഞു കൊണ്ടിരുന്നു. ഗീതുവിന്റെ നിലവിളി കേട്ട് കൊണ്ട് അമ്മയും അച്ഛനും രണ്ടു മൂന്ന് അയൽവാസികളും വന്നു. അവർ നീതുവിനെ വീടിനു മു

ന്നിൽ കിടത്തി വിളിച്ചു പക്ഷെ അവർ എഴുന്നേൽക്കുന്നുണ്ടായിരുന്നില്ല. പിന്നെ അവളുടെ മുഖത്ത് കുറച്ച് വെള്ളം തളിച്ചു പക്ഷെ നീതുവിന് ബോധം തെളിയുന്നുണ്ടായിരുന്നില്ല. ശ്വാസവും മിടിപ്പും ഉള്ളതിനാൽ വേഗം ആശുപത്രിയിൽ എത്തിക്കാൻ അയൽവാസികൾ പറഞ്ഞു. അവർ വേഗം നീതുവിനെ ആശുപത്രിയിൽ എത്തിച്ചു. ചില നിമിഷങ്ങൾക്ക് ശേഷം അവൾക്ക് ബോധം തെളിഞ്ഞു. ഒരു തലകറക്കം ആയതിനാൽ വല്ല ഭക്ഷണവും പിടിക്കാത്തതായിരിക്കും എന്ന് അവർ കരുതി നീതുവിനെ അവൾ വീട്ടിൽ നിന്നും പുറത്തിറങ്ങിയില്ല. വല്ലാതെ ശരീരം ക്ഷീണിക്കുന്നതായി അവൾക്ക് തോന്നി. പിറ്റേദിവസം കുറച്ച് ഉന്മേഷം തോന്നിയ അവൾ വീടിനു പുറത്തിറങ്ങി ചെടികൾ നനയ്ക്കാൻ വേണ്ടി. വീണ്ടും അന്നുണ്ടായ അതേ അവസ്ഥ. അവർ തലകറങ്ങി വീണു. വീണ്ടും ആശുപത്രിയിലെത്തിയ അവൾ ആദ്യത്തെക്കാൾ കൂടുതൽ ക്ഷീണിതയായിരുന്നു. സംശയം തോന്നിയ ഡോക്ടർ അവളുടെ രക്തത്തിന്റെ സാമ്പിൾ വേണമെന്ന് ആവശ്യപ്പെട്ടു. ഒരു സാധാരണ ഗ്രാമം ആയിരുന്നതിനാൽ വിദഗ്ദ്ദ പരിശോധനയ്ക്കുള്ള സാഹചര്യങ്ങൾ അവിടെ ഉണ്ടായിരുന്നില്ല. ആയതിനാൽ ഡോക്ടർ രക്ത സാമ്പിളുമായി തൊട്ടടുത്തുള്ള നഗരത്തിലേക്ക് പുറപ്പെട്ടു. രക്തം ടെക്സ്റ്റ് ചെയ്ത് റിസൾട്ടുമായി തിരികെ ഡോക്ടർ ഗ്രാമത്തിലെത്തി. രക്തത്തിന്റെ ടെസ്റ്റ് റിസൾട്ട് നോക്കിയ ഡോക്ടർ പൊടുന്നനെ ഒന്ന് ഞെട്ടി. 15 വയസ്സായ ആ ഗ്രാമീണ പെൺകുട്ടിക്ക് മാരകമായ ഒരു അസുഖം പിടിപെട്ടിരിക്കുന്നു.

“കാൻസർ". വളരെ അപൂർവ്വമായി മാത്രം കണ്ടുവരുന്ന ഒരു പ്രത്യേകതരം കാൻസർ ആയിരുന്നു അത്. പക്ഷെ ഈ വിവരം ആ കുടുംബത്തിനെ അറിയിക്കാൻ ആ ഡോക്ടർക്ക് സാധിച്ചില്ല. കാരണം ഡോക്ടറുടെ കുടുംബത്തിന് വളരെ വേണ്ടപ്പെട്ട ഒരു കുടുംബം ആയിരുന്നു അത്. മാത്രമവുമല്ല സന്തോഷകരമായി ജീവിച്ചിരുന്ന ആ കുടുംബത്തിനെ ഒരു സ്മശാനം ആക്കാൻ അയാൾ ആഗ്രഹിച്ചില്ല. അതിനാൽ ആ രോഗത്തിന്റെ കാരണങ്ങളും പ്രതിവിധികളും കണ്ടെത്താൻ അദ്ദേഹം തീരുമാനിച്ചു അതിനായി തന്റെ പരിചയത്തിലുള്ള ഒരുപാട് പേരെ അദ്ദേഹം സന്ദർശിച്ചു പക്ഷെ ഇത്തരത്തിൽ ഒരു "കാൻസർ" ആരും കേട്ടതായി പോലും പറഞ്ഞില്ല. അങ്ങനെ ദിവസങ്ങളുടെ പ്രയത്നത്തിനൊടുവിൽ ഒരു "കാൻസർ വിദഗ്ദനെ" ഡോക്ടർ കാണാനിടയാക്കി ആ ഡോക്ടറോട് കാര്യം അന്വേഷിച്ചപ്പോൾ ഡോക്ടർ കൂടുതൽ തളർന്നു. കാരണം അത്തരത്തിലൊരു മറുപടിയായിരുന്നു അദ്ദേഹത്തിൽ നിന്നും കേൾക്കാൻ കഴിഞ്ഞത്. ഈ രോഗം വളരെ അപൂർവ്വമായ ഒന്നാണ്. ലക്ഷത്തിൽ ഒരാൾക്ക് മാത്രം വരുന്ന ഒരു രോഗം. ഈ രോഗത്തിന് ഇതുവരെ മര◌ുന്ന് കണ്ടിപിടിച്ചിട്ടുണ്ടായിരുന്നില്ല. എന്നാൽ വിദേശത്തുള്ള ഒരു കൂട്ടം രോഗനിരീക്ഷകർ മറ്റെന്തോ പ്രതിവിധി കണ്ടുപിടിച്ചിട്ടുണ്ടെന്ന് ഒരു വാർത്ത കേൾക്കാൻ കഴിഞ്ഞ◌ു എന്നും ഡോക്ടർ പറഞ്ഞു. പിന്നെ ഒരു നേരം പൂമ്പാറ്റയുടെ ശ്വസനത്തിൽ പുറംതള്ളുന്ന വിഷാംശം കലർന്ന ഒരു ഖര പദാർത്ഥം ആണ്

ഈ രോഗത്തിന് കാരണം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൂടുതൽ വിവരങ്ങൾ അറിഞ്ഞതിന് ശേഷം ബന്ധപ്പെടാമെന്ന് അദ്ദേഹം ഡോക്ടർക്ക് വാക്ക് കൊടുക്കുകയും ചെയ്തു. തളർന്നവശനായ ഡോക്ടർ വീണ്ടും ഗ്രാമത്തിലെത്തി. എന്നും നീതുവിന്റെ അവസ്ഥ പ്രത്യക്ഷമായും പരോക്ഷമായും അന്വേഷിച്ചുകൊണ്ടേ ഇരുന്നു. ആഴ്ച്ചകളുടെ ഇടവേളക്ക ശേഷം ആ വാർത്ത ഡോക്ടർ അറിഞ്ഞു "രോഗാത്തിനു പ്രതിവിധി ഉണ്ട്" ഒരു തരം പ്രത്യേക ലേസർ വഴി രോഗം ശരീരത്തിൽ നിന്നും തുടച്ചുനീക്കാം ഇത് കേട്ട ഡോക്ടർ ഒരുപാട് സന്തോഷിച്ചു. എന്നാൽ വലിയ ഒരു വിപത്ത് അതിനു പിന്നിൽ ഒളിഞ്ഞു കിടയ്ക്കുന്നുണ്ടെന്ന് അയാൽ അറിഞ്ഞില്ല. ഈ കാര്യം പറഞ്ഞു തീർത്ത ഡോക്ടർ "പക്ഷെ" എന്നു പറഞ്ഞു ഒരു നീണ്ട നെടുവീർപ്പിട്ടു. അടുത്ത മറുപടിക്കായി അദ്ദേഹം കാതോർത്തു. ഡോക്ടർ പറഞ്ഞു. "എന്താണ് ഡോക്ടർ ഒരു പക്ഷെ അപ്പോൾ അദ്ദേഹം പറഞ്ഞു താങ്കൾ ഇത് വളരെ ക്ഷമയോടെ കേൾക്കണം" നീതുവിന്റെ രോഗം ഞാൻ മാറ്റിതരാം എന്നാൽ പിന്നീടത് വരാതിരിക്കാൻ നിങ്ങൾ ഒരു കാര്യം ചെയ്യണം. കാരണം ഈ രോഗം വന്ന ഒരാളിൽ അത് വീണ്ടും വരാനുള്ള സാധ്യത ഉണ്ട് അത് കൊണ്ട് ആ വീട്ടിൽ ഒരു തരത്തിലും ഉള്ള ചിത്രശലഭങ്ങൾ ഉണ്ടാകാൻ പാടില്ല എന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു ഇത് കേട്ട ഡോക്ടർ വീണ്ടും ഞെട്ടി ആ വീട്ടിലുള്ളവരോടെന്നല്ല. ആ ഗ്രാമത്തിലുള്ള ഒരു പിഞ്ചു കുഞ്ഞിനോടും പോലും ഈ കാര്യം പറയാൻ പറ്റില്ല. കാരണം അവർ അത്രയ്ക്കേറെ പൂമ്പാറ്റകളെ സ്നേഹിക്കുന്നവരായിരുന്നു. പക്ഷെ വേറൊരു മാർഗ്ഗവും ഇല്ലെന്ന് തീർച്ചപ്പെടുത്തിയ ഡോക്ടർ ഇത് അവരോട് പറയാൻ ഒരുങ്ങുന്നു. തിരികെ ഗ്രാമത്തിലെത്തിയ ഡോക്ടർ സമാധാനത്തോടെ ദേവനെ വിളിച്ച് കാര്യങ്ങൾ പറയുന്നു. ആദ്യം അയാൾ കുറെ എതിർത്തെങ്കിലും കാര്യങ്ങൾ തിരിച്ചറിഞ്ഞ അയാൽ അതിനു സമ്മതിക്കുന്നു. വീട്ടിലെത്തിയ ദേവൻ സമാധാനത്തോടുകൂടി കാര്യങ്ങൾ നീതുവിനെ ധരിപ്പിക്കുന്നു. തന്റെ രോഗത്തെ പറ്റി കേട്ടപ്പോൾ അല്ല തന്റെ പൂമ്പാറ്റകളെ ഒരിക്കലും കാണരുതെന്ന് പറഞ്ഞപ്പോൾ ആണ് അവൾ കൂടുതൽ തകർന്നു പോയത്. കുറച്ച് ദിവസങ്ങൾ തന്നെ വേണ്ടിവന്നു. ആ കാര്യത്തോട് അവളെ ഒന്ന് പൊരുത്തപ്പെടീക്കാൻ. ശേഷം ചികിത്സക്കായി അവർ നഗരത്തിലേക്ക് പോയി. നീതുവിന്റെ ശാസ്ത്രക്രിയ കഴിഞ്ഞ് തിരികെ എത്തുമ്പോഴേക്കും വീട് ചിത്രശലഭരഹിതം ആയിരിക്കണം. അതിനായി അവിടെയുള്ള പൂക്കളെല്ലാം അവിടെ നിന്നും മാറ്റി പൂമ്പാറ്റയുടെ ശാഖ പോലും ഇല്ലാതാക്കി.

അത് ഒരു വീടല്ലാതായി....

അസ്ന ഷെറിൻ

പത്ത്

# പ്രളയാനന്തം

പ്രളയം രണ്ടു കഴിഞ്ഞു. അടുത്തടുത്ത വർഷങ്ങ ളിലായി. ദുരിതത്തിന്റെ കഥ പറയുകയല്ലാതെ നാം എന്തു പഠിച്ചു. ഓരോ മഴക്കാലവും ഭയപ്പാടു മാത്രം. ശാസ്ത്രീയമായ അവബോധവും ഇടപെടലും ഇല്ലാതെ എത്രകാലം ഇനി തുടരാനാകും. ഭൂമി നമുക്ക് കരുതി വെച്ചതെല്ലാം ധൂർത്തടിക്കുന്നതു മാത്രമായി നമ്മുടെ ജോലി. പ്രളയത്തിനിടയിലും നല്ല വാർത്തകള് നമ്മള് കേട്ടു.നല്ല മനുഷ്യരെ കണ്ടു.അവയൊന്നും തന്നെ പ്രകൃതിയോട് നാം ചെയ്ത ക്രൂരത മറക്കുന്നതല്ല. ഓരോ വേനലിലപുഴകള് വറ്റി വരളുന്നു ഇപ്പോഴും. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് വൈകുന്നതെന്തേ? ജീവികള് ഓരോന്നായി വിടവാങ്ങി. മനുഷ്യന് മാത്രമാവുന്ന കാലം സ്വപ്നംകാണാം .മനുഷ്യ നിർമ്മിത ഉപാധികളനമ്മെ കീഴടക്കും. പ്രളയംഅതിജീവനമല്ല പുനർജീവനത്തെ കുറിച്ചാണ് പറയുന്നത്.ഉമിക്കരിയും ചാണകവു മൊക്കെ വിറ്റു കാശുണ്ടാക്കുന്ന നമുക്ക് മഴവെള്ളവും പ്രളയവുമെല്ലാംഅനുഗ്രഹമാകണം.പുനരുപയോഗി ക്കാന് പാകത്തില്അവസംഭരിക്കേണ്ടതാണ്, വെള്ളം കിട്ടാകനിയാകുന്നകാലത്തെങ്കിലും. ഇനിയും പ്രളയം വരും.മണ്ണിനോട് മൃദു സമീപനം തുടർന്നേ പറ്റൂ.തിരിച്ചിനി നടക്കുക ഏറെ ദുഷ്കരമാണ് മണ്ണിനെ സ്വപ്നം കാണുന്ന തലമുറഇവിടെയുണ്ടാക ണം.അവർക്കായി കരുതുവാന് സ്വപ്നങ്ങളെങ്കിലും ബാക്കി വെക്കുക...

ലിറ്റിൽ കൈറ്റ്സ്..




## മലയാളപ്പിറവി





നവംബർ ഒന്ന് ഇത്തവണ നിരവധി പ്രത്യേകതകള് നിറഞ്ഞതായിരുന്നു. മലയാള ദിനത്തോടനുബന്ധിച്ച് 21 ക്ലാസില്നിന്നും വിവിധകലാരൂപങ്ങളടങ്ങിയ ഘോഷയാത്രയായി ട്ടായിരുന്നു തുടക്കം.ഷൊര്ണ്ണൂര് നഗരത്തിനെ അത്ഭുതപ്പെടുത്തിയ ഘോഷയാത്രയില് അറുന്നൂറോ ളം കുട്ടികള് പങ്കെടുക്കുകയുണ്ടായി.ചിത്ര പ്രദര് ശനങ്ങള്,ഫോട്ടോപ്രദര്ശനങ്ങള് കാര്ഷിക ഉപ കരണങ്ങളുടെ പ്രദര്ശനങ്ങള് എന്നിവയും ഉണ്ടായി.ബഹുമാനപ്പെട്ട എം.പി. ശ്രീ. വി.കെ.ശ്രീകണ്ഠന് മുഖ്യാതിഥിയായി എത്തിയ ചടങ്ങ് വര്ണ്ണാഭമായിരുന്നു,അന്നേ ദിനം തന്നെ ഉച്ചഭക്ഷണ ഹാളിന്റെ ഉദ്ഘാടനവും അടല് തിങ്കറിംഗ് ലാബ് ഉദ്ഘാടനവും നടന്നു. ഐ.എസ്. ആർ.ഒ. മുന് ശാസ്ത്രജ്ഞന് ക്ളാസ്എടുത്തു. കുട്ടികള്ക്ക്ഉച്ചഭക്ഷണവും ഉണ്ടായി.

# അമ്മമാരും ഹൈ ടെക്





സ്കൂളുകളില് ഹൈ ടെക് പദ്ധതിയുടെ ഭാഗമായി അമ്മമാരും ഹൈടെക് എന്ന പേരില് മാതൃശാക്തീകരണ രപരിപാടി ഒക്ടോബര് മാസത്തില് നടന്നു.സ്കൂളിലെ എല്ലാ അമ്മമാരേയും ഡിജിറ്റല് ക്ലസ് പരിചയപ്പെടുത്തുകയും ചെയ്തു.ക്യു ആര് കോഡ്, സമഗ്ര,സമേതം എന്നിങ്ങനെ പഠനവുമായി രക്ഷിതാക്കളെ ബന്ധപ്പെടുത്തുവാനും അതുവഴി കുട്ടികളുടെ പഠനത്തില് ക്രിയാത്മകമായി ഇടപെടാനും അമ്മമാരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടിയായിരുന്നു പരിപാടി. ഇതിന്റെ ഭാഗമായി വിക്ടര് ചാനല് എങ്ങിനെ ഫലപ്രദമാക്കാം എന്നു കൂടി മനസിലായി.മൊബൈല് പഠനത്തില് എങ്ങിനെ ഫലപ്രദമായി ഉപയോഗിക്കാം എന്നും സൈബര് ലോകത്തെ ചതിക്കുഴിലെ പറ്റിയും അവബോധമുണ്ടാക്കാനായി.ക്യു ആര് കോഡ് സ്കാന്ചെയ്യുവാനും പാഠപുസ്തകത്തിലെ പഠന സാധ്യതകള് അടത്തറിയാനും സാധിച്ചു.സമേതം വെബ് സൈറ്റ് പരിചയപ്പെടുത്തിയും സമഗ്ര എന്തെന്ന് മനസിലാക്കിയും സര്ക്കാരിന്റെ വിദ്യാഭ്യാസ പരിപാടികളെ തങ്ങളുടെ കുട്ടികള് ക്കായി ഉപയാഗിക്കാന് മാതാപിതാക്കള്ക്ക് ഇനിസാധ്യമാകും. പൊതു വിദ്യാഭ്യാസ പരിപാടികളെ ശക്തി പെടുത്തുന്നതിന്റെ ഭാഗം കൂടിയാണ് ഈ പരിപാടി. വിവര സാങ്കേതിക വിദ്യയുടെ അടുത്തറിയലിലൂടെ ഇനി നമ്മുടെ അമ്മമാര്ക്കും ഹൈടെക് ആകാം....

## വീഡിയോകളിലേക്ക് ...............

1) സ്കൂൾ ലൈബ്രറി

2) സ്വാതന്ത്ര്യദിനാഘോഷം

3)കേരളപ്പിറവിദിനാഘോഷം-

സാംസ്കാരികഘോഷയാത്ര

ലിറ്റിൽ കൈറ്റ്സ്..

## A CINQUAIN ON ‘MY MOTHER’

**MOTHER**
**SNOW, HONEY**
**LOVING CARING GUIDING**
**SHE MADE ME WHO I AM**
**LOVE**

Sahal P
X A

## ആരിയങ്കാവ് പൂരം

മീനച്ചൂട് തുടങ്ങി
പൂര കൊടിയേറി
വെയിലിന് ചൂട് കൂടി
ആര്യങ്കാവ് പൂരം

പൂരം! പൂരം! ആര്യങ്കാവ് പൂരം

നിരനിരന്നേ കുതിരകൾ
ദേശത്തിൻ കരുത്തുമായ്
കാളകൾ വന്ന് തലപൊക്കി
കമ്പം വെടി ഉയർന്നു
ആരിയങ്കാവ് പൂരം ....

പഞ്ചവാദ്യം കൊട്ടിയുർന്നു
പറമ്പ് നിറയെ ജനങ്ങൾ
96 ദേശം അടക്കിവാഴും
ഭദ്രകാളിയായ കാവിലമ്മ
കാവിലമ്മയെ തൊഴുതു മടങ്ങും
ദേശത്തിൻ കുതിരകൾ
പൂരം! പൂരം! ആരിയങ്കാവ് പൂരം (2)

ജിഷ്ണ പ്രസാദ്
ഏഴ്.ബി

# WINDOWS

Oh window! I can't live a moment
without you,
You make my heart exists.
Without you I am empty and
hopeless,
You need here everywhere.
You are my hero,
Without you I am zero.
You bring light and air,
For me you give care.
Do open the window and see the
world,
Seeing the world is an adventure.
Grab the sunlight, hold the breeze
And wait till the spectacular
midnight
How loving are you, my window?

**MUHAMMED SINAN**
**VIII.B**

## കാണാതായ മരം

ഞാനാമരത്തിന്റെ ചുവട്ടിൽ നിന്നു
പെട്ടന്നൊരു കിളിയുടെ ശബ്ദം കേട്ടു
ഞാൻ നോക്കിയപ്പോൾ അതാ  ഒരു കുയിൽ
എന്തു ഭംഗിയാണതിനെ കാണ്മാൻ!
പെട്ടന്ന്  ഞാൻ കണ്ടു
രണ്ടണ്ണാറ കൊട്ടന്മാരേ.
അവരതാ മരത്തിൽ
ഓടിച്ചാടി കളിക്കുന്നു
നേരം സന്ധ്യയായി
പിന്നെ രാത്രിയായി
അപ്പോഴും ആ മരം
അവിടെയുണ്ട്
ഞാൻ കിടക്കാൻ
പോയപ്പോൾ ഒന്നു നോക്കി
ഉറങ്ങീടാമാ പാവം ജീവികൾ

പിറ്റേന്നുണർന്നു ഞാൻ നോക്കി
ആ മരത്തെ
പെട്ടന്നു ഞാൻഒന്നു ഞെട്ടി.
കണ്ടില്ല ഞാനവിടെയാമരം
കണ്ടില്ലയവിടെയാ മൃഗങ്ങളെ
എവിടെയാണാ മരം
എവിടെയാ മൃഗങ്ങൾ
ഞാൻ എന്നോടു തന്നെയാരാഞ്ഞു.
അവസാനം എന്റെ മിഴിയിൽ നിന്ന് കണ്ണീർ
ഈ ഭൂമിയിലേക്ക് പൊഴിഞ്ഞു വീണു.

ജിഷ്ണു പ്രസാദ്
ഏഴ്,ബി